

# എന്തുകൊണ്ട് ഇസ്‌ലാമിക് ഫൈനാൻസ്?

ലേഖനം ● **മുഹമ്മദ് പാലത്ത്**

**ലോക** സമ്പദ്‌വ്യവസ്ഥകളെ ബാധിച്ചിരിക്കുന്ന മാന്ദ്യം അതിരൂക്ഷതയിലേക്ക് നീങ്ങുന്നു. മാസങ്ങൾക്കു മുമ്പ് രണ്ട് കോടി ജനങ്ങൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന മുന്നറിയിപ്പ് നൽകിയിരുന്നതെങ്കിൽ ഇപ്പോൾ അത് അഞ്ച് കോടിയിലെത്തിയിരിക്കുന്നു. വിദഗ്ധ തൊഴിൽ മേഖലയെ മാത്രമേ മാന്ദ്യം ബാധിക്കൂ എന്ന് ധരിച്ചവർക്കും തെറ്റി. ചൈനയിൽ ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേക്ക് കുടിയേറിയ അവിദഗ്ധ തൊഴിലാളികളായ അഞ്ചുലക്ഷം പേരാണ് തൊഴിൽ രഹിതരായത്. ഇന്ത്യയിൽ കഴിഞ്ഞ മൂന്നു മാസത്തിനിടെ സംഘടിത മേഖലയിൽ അഞ്ച് ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി മന്ത്രി ഓസ്കാർ ഫെർണാണ്ടസ് വ്യക്തമാക്കുകയുണ്ടായി. എല്ലാ രാജ്യങ്ങളിലും കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ തകർച്ചയുടെ വക്കിലാണ്. എവിടെയും തകർച്ചയുടെ മുന്നറിയിപ്പുകൾ മാത്രം.

ലോകം പ്രതിസന്ധിയുടെ പടുകുഴിയിൽ പതിക്കാനൊരുങ്ങുമ്പോഴും പ്രമുഖ സാമ്പത്തിക വിദഗ്ധർക്കൊന്നും യാതൊരു പരിഹാരവും മുന്നോട്ടു വെക്കാനില്ല എന്നതാണ് സത്യം. കമ്പോളാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ സ്വാഭാവിക പരിണതിയായ പ്രതിസന്ധിയിൽനിന്ന് കരകയറാൻ തങ്ങളുടെ പക്കൽ ഒറ്റമൂലിയില്ലെന്ന് അവർ തുറന്നു സമ്മതിക്കുകയും ചെയ്യുന്നു. 1970-ലെ നോബൽ സമ്മാന ജേതാവും സാമ്പത്തിക

**അസ്ഥിരത ആധുനിക സമ്പദ്‌വ്യവസ്ഥയുടെ നിയതസ്വഭാവമാണ്. വ്യാപാരചക്രങ്ങൾ എന്നറിയപ്പെടുന്ന സമ്പദ്‌വ്യവസ്ഥയിലെ ഉയർച്ച താഴ്ചകൾ നിശ്ചിത ഇടവേളകളിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ പ്രതിസന്ധിയും ലക്ഷങ്ങളെയാണ് ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. ഇസ്‌ലാമിക് ഫൈനാൻസ് രീതികൾ പല കാരണങ്ങളാൽ തകർച്ചയെ തടയുകയും സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുന്നു.**

വിദഗ്ധനുമായ പോൾ സാമുവൽസൺ പറയുന്നു: "നിലവിലെ പ്രതിസന്ധിക്ക് എന്റെ അറിവിൽപെട്ടിടത്തോളം സാമ്പത്തിക ശാസ്ത്ര ചരിത്രത്തിൽ ഒരു ബദലും കാണാൻ കഴിയുന്നില്ല" (spiegel online 2008). 2001-ലെ നോബൽ ജേതാവായ ജോസഫ് സ്റ്റിഗ്ലിറ്റ്സ്, അമേരിക്കയും ലോകവും തുടർന്നുവരുന്ന സാമ്പത്തിക നയങ്ങളെ വിമർശിച്ച ശേഷം നിയന്ത്രണ സംവിധാനങ്ങളിൽ മാറ്റംവരുത്തി ഉത്തരവാദിത്വബോധമുള്ള ഒരു സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്യുന്നു (*ഗാർഡിയൻ* സെപ്റ്റംബർ 16). ബദലായി ഒരു മാതൃകയും സമർപ്പിക്കാൻ അദ്ദേഹത്തിനും കഴിയുന്നില്ല. ഇത്തരുണത്തിലാണ് പ്രതിസന്ധിയെ യാഥാർഥ്യബോധത്തോടെ അഭിമുഖീകരിക്കാൻ കെൽപുള്ള ഇസ്‌ലാമിക് ഫൈനാൻസിംഗ് രീതികൾ ലോകത്ത് ചർച്ചാ വിഷയമാകുന്നത്. പലിശാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ വൈകൃതങ്ങൾ ഇസ്‌ലാമിക് ഫൈനാൻസിംഗ് എങ്ങനെ കുഴിച്ചുമൂടുന്നു എന്നും ക്രിയാത്മക ബദൽ എങ്ങനെ വികസിപ്പിച്ചെടുക്കുന്നു എന്നുമാണ് വിശദമാക്കുന്നത്.

1. കാര്യക്ഷമത: ഏതൊരു സമ്പദ്‌വ്യവസ്ഥയുടെയും ലക്ഷ്യം പരമാവധി ഉൽപാദനക്ഷമതയും അതുവഴി വളർച്ചയും കൈവരിക്കലാണ്. ഇതു കുറയുമ്പോഴാണ് മാന്ദ്യമുണ്ടാവുന്നത്. ഇസ്‌ലാമിക് ഫൈനാൻസ് വിവിധ മാർഗങ്ങളിലൂടെ കാര്യക്ഷമത വർധിപ്പിക്കുന്നു.

(എ) പലിശയും ഉൽപാദന ക്ഷമതയും വിപരീത ദിശയിലാണ് സഞ്ചരിക്കുക. പലിശനിരക്ക് വർധിക്കുന്നതിനനുസരിച്ച് ഉൽപാദനക്ഷമത കുറയുന്നു. പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ജെ.എം കെയിൻസ് തന്റെ 'പൂർണതൊഴിൽ സിദ്ധാന്ത'ത്തിൽ ഈ പ്രതിഭാസം വിശദീകരിക്കുന്നു. പലിശയെ ഏറ്റവും കുറഞ്ഞ നിരക്കിൽ അഥവാ രണ്ട് ശതമാനത്തിൽ നിലനിർത്തി ഉൽപാദനം പരമാവധി വർധിപ്പിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിർദേശം (ഇതിനെ അദ്ദേഹം technical minimum എന്നാണ് വിശേഷിപ്പിക്കുന്നത്). പലിശയില്ലാത്ത സമ്പദ്ക്രമം സാമ്പത്തിക വിദഗ്ധർക്ക് സങ്കൽപിക്കാനാകുമായിരുന്നില്ല. ഇസ്‌ലാം പലിശ നിരോധിക്കുക വഴി ഉൽപാദനക്ഷമത അതിന്റെ പൂർണതയിലെത്തിക്കുകയും പരമ്പരാഗത സമ്പദ് വ്യവസ്ഥയുടെ പ്രതിസന്ധിയെ മറികടക്കുകയും ചെയ്യുന്നു. പോൾ സാമുവൽസൺ ഇത്തരമൊരു

**1970-ലെ നോബൽ സമ്മാന ജേതാവും സാമ്പത്തിക വിദഗ്ധനുമായ പോൾ സാമുവൽസൺ പറയുന്നു: "നിലവിലെ പ്രതിസന്ധിക്ക് എന്റെ അറിവിൽപെട്ടിടത്തോളം സാമ്പത്തിക ശാസ്ത്ര ചരിത്രത്തിൽ ഒരു ബദലും കാണാൻ കഴിയുന്നില്ല." 2001-ലെ നോബൽ ജേതാവായ ജോസഫ് സ്റ്റിഗ്ലിറ്റ്സ്, അമേരിക്കയും ലോകവും തുടർന്നുവരുന്ന സാമ്പത്തിക നയങ്ങളെ വിമർശിച്ചശേഷം നിയന്ത്രണ സംവിധാനങ്ങളിൽ മാറ്റംവരുത്തി ഉത്തരവാദിത്വബോധമുള്ള ഒരു സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്യുന്നു. ബദലായി ഒരു മാതൃകയും സമർപ്പിക്കാൻ അദ്ദേഹത്തിനും കഴിയുന്നില്ല.**



സാമുവൽസൺ



ജോസഫ് സ്റ്റിഗ്ലിറ്റ്സ്

സാഹചര്യത്തെ വിശേഷിപ്പിച്ചത് "പലിശ പൂജ്യം ശതമാനത്തിലെത്തുമ്പോൾ സമ്പദ്‌വ്യവസ്ഥ അതിന്റെ സുവർണഘട്ടത്തിലെത്തുന്നു" എന്നാണ് (Economics. page: 614). പലിശക്കുപകരം ലാഭ-നഷ്ട പങ്കാളിത്തം, നിശ്ചിത ലാഭം നിശ്ചയിക്കുന്ന മാർക് അപ് അഥവാ മുറാബഹ ഫൈനാൻസ്, വാടക(ഇജാറ) എന്നിവയാണ് ഇസ്‌ലാം പകരംവെക്കുന്നത്. ഇവ ഉൽപാദനത്തെ പ്രോത്സാഹിപ്പിക്കുന്നവയാണ്.

(ബി) നിലവിലുള്ള പലിശാധിഷ്ഠിത ബാങ്കുകൾ കടം അനുവദിക്കുമ്പോൾ അത് സ്വീകരിക്കുന്നയാളുടെ തിരിച്ചടക്കാനുള്ള ശേഷി മാത്രമേ നോക്കുന്നുള്ളൂ. കടം ഉൽപാദനപരമായി ഉപയോഗപ്പെടുത്തുന്നുണ്ടോ, ആണെങ്കിൽ തന്നെ സമൂഹത്തിന് ഗുണകരമായ വസ്തുക്കളാണോ ഉൽപാദിപ്പിക്കുന്നത് ഇക്കാര്യങ്ങളൊന്നും പരിശോധിക്കൽ ബാങ്കിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതല്ല. പണം തിരിച്ചു ലഭിക്കുമെന്ന് ഉറപ്പാക്കാൻ ജാമ്യവസ്തു ഈടായി സ്വീകരിക്കാൻ മാത്രമേ ബാങ്ക് ശ്രദ്ധിക്കുന്നുള്ളൂ. അതിനാൽ ഉൽപാദനപരമായി ഉപയോഗപ്പെടുത്തേണ്ട ധനം ഉൽപാദനേതര മേഖലയിലേക്കും ചിലപ്പോൾ സമൂഹത്തിന് ഹാനികരമായ രീതിയിലും വിനിയോഗിക്കപ്പെടാൻ ഇടയാകുന്നു. ഇത് സമ്പദ് വളർച്ചയെ പ്രതികൂലമായി ബാധിക്കും. ഇസ്‌ലാമിക ധനകാര്യസ്ഥാപനങ്ങൾ വായ്പക്കു പകരം പങ്കാളിത്ത രീതി പകരംവെക്കുകയും ഒരു സംരംഭകന് പണം അനുവദിക്കുമ്പോൾ അയാളുടെ കഴിവ്, ഉൽപാദന യൂനിറ്റിന്റെ സാധ്യത, ലാഭക്ഷമത തുടങ്ങിയവ പരിഗണിക്കുകയും ചെയ്യുന്നു. അതിനാൽ ഏറ്റവും ഉൽപാദന ക്ഷമത കൂടിയ പദ്ധതികൾ സമർപ്പിക്കുന്ന സംരംഭകർക്ക് മാത്രം പണം ലഭിക്കുന്നു. ലഭ്യമായ വിഭവങ്ങൾ ഏറ്റവും കാര്യക്ഷമമായി വിന്യസിക്കുകയെന്ന സാമ്പത്തികശാസ്ത്രത്തിലെ അടിസ്ഥാന തത്ത്വം ഇവിടെ പ്രയോഗവൽക്കരിക്കപ്പെടുന്നു.

2. സ്ഥിരത: അസ്ഥിരത ആധുനിക സമ്പദ്‌വ്യവസ്ഥയുടെ നിയതസ്വഭാവമാണ്. വ്യാപാരചക്രങ്ങൾ എന്നറിയപ്പെടുന്ന സമ്പദ്‌വ്യവസ്ഥയിലെ ഉയർച്ച താഴ്ചകൾ നിശ്ചിത ഇടവേളകളിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ പ്രതിസന്ധിയും ലക്ഷങ്ങളെയാണ് ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. ഇസ്‌ലാമിക് ഫൈനാൻസ് രീതികൾ പല കാരണങ്ങളാൽ തകർച്ചയെ തടയുകയും സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(എ) ബാങ്കിന്റെ ആസ്തിയും ബാധ്യതയും തമ്മിലുള്ള വിടവാണ് ബാങ്കിംഗ് തകർച്ചയുടെ മുഖ്യഹേതു. നിക്ഷേപിക്കപ്പെടുന്ന മുഴുവൻ സംഖ്യയും പലിശയടക്കം തിരിച്ചു നൽകാം എന്ന് ഇടപാടുകാർക്ക് പലിശാധിഷ്ഠിത ബാങ്കുകൾ ഉറപ്പുനൽകുന്നു. ബാങ്ക് ഈ പണം മറ്റുള്ളവർക്ക് വായ്പയായി നൽകുന്നു. വായ്പയെടുക്കുന്നയാൾ നൽകുന്ന ജാമ്യവസ്തുവിന്റെ വിലയിടിഞ്ഞാലോ മറ്റെന്തെങ്കിലും കാരണത്താലോ തിരിച്ചടവ് മുടങ്ങിയാൽ ബാങ്കിന് ഈ തുക ലഭിക്കുന്നില്ല. അമേരിക്കയിലും മറ്റും ഇപ്പോൾ സംഭവിച്ചതും ഇതുതന്നെ. ഇസ്‌ലാമിക് ബാങ്കുകളാവ

ട്ടെ, ഡിമാന്റ് ഡെപ്പോസിറ്റുകളൊഴികെ മറ്റൊരു നിക്ഷേപവും പൂർണമായും തിരിച്ചുനൽകാം എന്ന് ഉറപ്പ് നൽകുന്നില്ല. നിക്ഷേപം സ്വീകരിക്കുന്നത് ലാഭ-നഷ്ട പങ്കാളിത്താടിസ്ഥാനത്തിലാണ്. ആസ്തിയുടെ മൂല്യത്തിൽ കുറവുവന്നാലും നഷ്ടം സംഭവിച്ചാലും അതിൽ പങ്കുചേരാൻ നിക്ഷേപകൻ തയാറായിരിക്കും. ആസ്തിയും ബാധ്യതയും തമ്മിൽ വിടവുണ്ടാവില്ല എന്നർഥം. ഇസ്‌ലാമിക് ബാങ്കിംഗിൽ അതിനാൽതന്നെ തകർച്ചക്കുള്ള സാധ്യത വിരളമാണ്.

(ബി) അസ്ഥിരതയുടെ മറ്റൊരു പ്രധാനകാരണം കടങ്ങളുടെ വിൽക്കൽ വാങ്ങലുകളാണ്. ആധുനിക ബോണ്ട് മാർക്കറ്റിൽ നടക്കുന്നത് കടത്തിന്റെയും പണത്തിന്റെയും ഇടപാടുകളാണ്. ഈ ഇടപാടുകൾക്ക് സാധനങ്ങളുടെയോ സേവനങ്ങളുടെയോ പിൻബലമില്ല. ഒരു വർഷം ലോക ഫൈനാൻസ് മാർക്കറ്റിൽ 600 ട്രില്യൻ ഡോളറിന്റെ ഇടപാടുകൾ നടക്കുന്നുണ്ടത്രെ. എന്നാൽ ലോകത്തെ മൊത്തം ജി.ഡി.പി 60 ട്രില്യൻ ഡോളറേ വരൂ. സാമ്പത്തിക ശാസ്ത്രത്തിന്റെ യാതൊരു അടിസ്ഥാന പിൻബലവുമില്ലാത്ത ഈ ഇടപാടുകൾ ഊഹവിലവർധനവിനും പണപ്പെരുപ്പത്തിനുമിടയാക്കുന്നു. യഥാർഥ ജി.ഡി.പി വർധിപ്പിക്കുന്നില്ല. ഇസ്‌ലാം കടങ്ങളുടെ വിപണനം അനുവദിക്കുന്നില്ല. കടമിടപാടിൽ ഒരുവശത്ത് സാധനമോ സേവനമോ വേണമെന്നത് നിർബന്ധമാണ്. മൂലധനത്തിന്റെ രാജ്യാന്തര ഒഴുക്കിന് ഇതോടെ സ്വാഭാവിക നിയന്ത്രണം സാധ്യമാവുന്നു. സമ്പദ് വ്യവസ്ഥയിൽനിന്ന് പെട്ടെന്ന് നിക്ഷേപങ്ങൾ കൂട്ടമായി പിൻവലിക്കപ്പെടുകയും അതുവഴി പെട്ടെന്ന് തകർച്ചയുണ്ടാവുകയും ചെയ്യുക എന്നത് അതോടെ അസ്ഥാനത്താവുന്നു. കട വിപണനം നിലക്കുന്നതോടെ പണത്തിന്റെ ഒഴുക്കും (Monitary flow) സാധനങ്ങളുടെ ഒഴുക്കും (Real flow) തുല്യമായിരിക്കും. ഉൽപാദന വർധനവിനനുസരിച്ചേ പണവും വർധിക്കൂ. കടംസൃഷ്ടിപ്പും ഇതോടെ നിലക്കുന്നു. അങ്ങനെ സമ്പദ്‌വ്യവസ്ഥ സ്ഥിരത കൈവരിക്കുന്നു.

(സി) ഊഹക്കച്ചവടത്തിന്റെയും ചൂതാട്ടത്തിന്റെയും നിരോധനമാണ് മറ്റൊന്ന്. ഒരു നിക്ഷേപത്തിനോ ആസ്തിക്കോ പ്രതീക്ഷിത വരുമാനത്തെക്കാൾ വില ലഭിച്ചാൽ അവിടെ ഊഹത്തിന്റെ സാന്നിധ്യം പ്രതീക്ഷിക്കാം. കടത്തിന്റെ വിൽക്കൽ വാങ്ങലുകളിലാണ് ഊഹം കൂടുതലായും പ്രത്യക്ഷപ്പെടുന്നത്. ഇസ്‌ലാമിക് ഫൈനാൻസിൽ കടവിപണിയില്ലാത്തതുകൊണ്ടുതന്നെ അതുവഴിയുള്ള ഊഹവും കാണില്ല. 'മുറാബഹ' ഇടപാടുകളിൽ കടം വരുന്നുവെങ്കിലും ഒരു ഭാഗത്ത് സാധനങ്ങളോ സേവനങ്ങളോ ഉള്ളതിനാലും പലിശയുടെ സാന്നിധ്യമില്ലാത്തതിനാലും കടം സമയക്രമമനുസരിച്ച് വർധിക്കുന്നില്ല. ഈ ഇടപാടുകളിലുള്ള ലാഭം ഏകപക്ഷീയമായി നിശ്ചയിക്കപ്പെടുന്നതല്ല, പരസ്പര വിലപേശലിലൂടെ തീരുമാനിക്കപ്പെടുന്നതാണ്. ഇവിടെ ഊഹത്തിനോ ചൂതാട്ടത്തിനോ സാധ്യതയൊന്നുമില്ല. അതിനാൽതന്നെ സ്ഥിരതയും കൂടുതലാണ്.

**ഇസ്‌ലാമിക് ബാങ്കുകൾ പരമ്പരാഗത ബാങ്കുകളെക്കാൾ വികസനോന്മുഖമാണ്. ബാങ്ക് ധനദാതാവ് എന്നതിലുപരി സംരംഭത്തിൽ പങ്കാളിത്തം വഹിക്കുമ്പോൾ സംരംഭകത്വ പ്രോത്സാഹനം സാധ്യമാവുകയും അതുവഴി കൂടുതൽ സംരംഭകർ രംഗത്തുവരുന്നത് വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.**

(ഡി) ഇടപാടുകാരുടെ ധാർമികതയാണ് സ്ഥിരത ഉറപ്പുവരുത്തുന്ന മറ്റൊരു ഘടകം. വായ്പയെടുക്കുന്നവർ തിരിച്ചടവിൽ വീഴ്ച വരുത്തുന്നത് അസ്ഥിരതയുടെ മുഖ്യ കാരണമാണ്. ഇസ്‌ലാമിക് ബാങ്കുകൾ മറ്റു സ്ഥാപനങ്ങളെ പോലെതന്നെ ഇടപാടുകാരിൽനിന്ന് ജാമ്യവസ്തു ഈടാക്കാൻ ശ്രമിക്കുന്നു. അതുവഴി തിരിച്ചടവ് ഉറപ്പുവരുത്തുന്നു. മാത്രമല്ല, വായ്പക്കുപകരം ലാഭ-നഷ്ടപങ്കാളിത്തം പകരംവെക്കുമ്പോൾ ബാങ്ക് ധനദാതാവ് എന്നതിലുപരി സംരംഭത്തിൽ പങ്കാളിയാണ്. ഇതുവഴി പരമ്പരാഗത ബാങ്കുകളെക്കാൾ തിരിച്ചടവ് തോത് ഇസ്‌ലാമിക് ബാങ്കുകളിൽ കൂടുതലാണ്. ഇതും സ്ഥിരത വർധിപ്പിക്കുന്ന ഘടകമാണ്.

3. വികസനോന്മുഖത: ഇസ്‌ലാമിക് ബാങ്കുകൾ പരമ്പരാഗത ബാങ്കുകളെക്കാൾ വികസനോന്മുഖമാണ്. ബാങ്ക് ധനദാതാവ് എന്നതിലുപരി സംരംഭത്തിൽ പങ്കാളിത്തം വഹിക്കുമ്പോൾ സംരംഭകത്വ പ്രോത്സാഹനം സാധ്യമാവുകയും അതുവഴി കൂടുതൽ സംരംഭകർ രംഗത്തുവരുന്നത് വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

കൂടുതൽ സമ്പാദ്യം സ്വരൂപിക്കുകയും ഉൽപാദനപരമായ രീതിയിൽ വിനിയോഗിക്കുകയും ചെയ്യുമ്പോഴാണ് വികസനം സാധ്യമാവുക. ഇസ്‌ലാമിൽ സമ്പാദ്യവും നിക്ഷേപവും വർധിപ്പിക്കുന്നതിന് പല രീതിയിൽ പ്രോത്സാഹനം നൽകുന്നു. ലാഭ-നഷ്ട പങ്കാളിത്ത രീതിയിൽ ഒരേസമയം ധനദാതാവിന്റെയും സംരംഭകന്റെയും താൽപര്യങ്ങൾ തുല്യമായി സംരക്ഷിക്കുന്നു. എത്ര ലാഭമുണ്ടായാലും നിശ്ചിത ശതമാനം പലിശ മാത്രം ലഭിക്കുന്ന അവസ്ഥയല്ല, ലാഭവർധനവിനനുസരിച്ച് ധനദാതാവിനും അതിന്റെ ഗുണം ലഭിക്കുന്നതാണ് ഇസ്‌ലാമിക രീതി. നഷ്ടം വന്നാലും നിശ്ചിത പലിശയും മുടക്കുമുതലും തിരിച്ചുനൽകേണ്ട അവസ്ഥ സംരംഭകനുമില്ല. അവിടെയും ഇരുപക്ഷത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രദ്ധിക്കുന്നു. സമ്പാദ്യം ഉൽപാദനപരമായി വിന്യസിക്കുമ്പോൾ മദ്യം പോലുള്ള സമൂഹത്തിന് ഹാനികരമായ രീതികളിൽ ഉപയോഗപ്പെടുത്തരുതെന്ന നിർദേശവും സമ്പാദ്യത്തോടൊപ്പം നിക്ഷേപവും അതുവഴി വികസനവും വർധിപ്പിക്കുന്നതിന് സഹായകമാണ്.

പലിശാധിഷ്ഠിത രീതിയിൽ ഏതാനും സംരംഭകർ മാത്രം റിസ്കിൽ പങ്കാളിത്തം വഹിക്കുകയും മറ്റുള്ളവർ തങ്ങളുടെ ധനത്തിന്റെ സുരക്ഷ ഉറപ്പാക്കി നിശ്ചിത വരുമാനം സ്വീകരിക്കുകയുമാണ്. സമ്പാദകരോ ധനകാര്യസ്ഥാപനങ്ങളോ റിസ്ക് വഹിക്കാൻ തയാറാവുന്നില്ല. ഇസ്‌ലാം പങ്കാളിത്തരീതി പ്രോത്സാഹിപ്പിക്കുന്നതിലൂടെ റിസ്കിൽ എല്ലാവരെയും പങ്കാളികളാക്കുന്നു. ഇത് രാഷ്ട്രവികസനത്തിൽ എല്ലാവരുടെയും അത്യുൽസാഹം സാധ്യമാക്കുന്നു. സ്ഥിരതയും കാര്യക്ഷമതയുമുള്ള ഇത്തരമൊരു സമ്പദ്‌വ്യവസ്ഥയിലേ സമ്പൂർണ വികസനം സാധ്യമാവൂ.

4. സന്തുലിതത്വം (equity): പലിശാധിഷ്ഠിത വ്യവസ്ഥയിൽ സമയക്രമമനുസരിച്ച് പലിശബാധ്യത വർധിച്ചുകൊണ്ടിരിക്കും. പലിശ ലഭിക്കുന്നത് പണമുള്ളവർക്കാണ്. നൽകുന്നതാവട്ടെ താരതമ്യേന പണം കുറവുള്ളവരും. ചുരുക്കത്തിൽ ഇല്ലാത്തവരിൽനിന്ന് ഉള്ളവരിലേക്കുള്ള ഒഴുക്കാണ് പലിശവ്യവസ്ഥ

യിൽ സംഭവിക്കുന്നത്. ദാരിദ്ര്യവും ഇല്ലായ്മയും വർധിപ്പിക്കാനേ ഇതു കാരണമാവുന്നുള്ളൂ. ലോകം പുരോഗമിക്കുമ്പോഴും വർധിച്ചു വരുന്ന ദാരിദ്ര്യം ഇതാണ് വരച്ചുകാണിക്കുന്നത്.

എന്നാൽ ഇസ്‌ലാമിക് ഫൈനാൻസ് പലമാർഗങ്ങളിലൂടെ സമ്പത്തിന്റെ അസന്തുലിതമായ ഒഴുക്കിനെ തടയുന്നു.

(എ) ഇസ്‌ലാമിക് ഫൈനാൻസിൽ കടം സമയബന്ധിതമായി വർധിക്കുന്നില്ല. യഥാർഥ ഉൽപാദനത്തിലൂടെ കൂടുതലായി സൃഷ്ടിക്കപ്പെടുന്ന സമ്പത്തിന്റെ ഭാഗമേ ഉള്ളവരിലേക്ക് ഒഴുകുന്നുള്ളൂ. ഇതിൽ ഒരുപങ്ക് ലഭിക്കുന്നത് സംരംഭകത്വം മാത്രം കൈവശമുള്ള സംരംഭകനാണ്. യഥാർഥ നേട്ടം മാത്രം പങ്കുവെക്കപ്പെടുക വഴി അസന്തുലിതമായ സമ്പത്തിന്റ ഒഴുക്ക് തടയുന്നു.

(ബി) പലിശാധിഷ്ഠിത ബാങ്കുകൾ ഇടപാടുകാരന്റെ തിരിച്ചടവിനുള്ള ഉറപ്പ് ജാമ്യവസ്തു മാത്രം പരിഗണിച്ച് വായ്പ നൽകുമ്പോൾ താരതമ്യേന സമ്പത്തുള്ളവന് അഥവാ ജാമ്യവസ്തു കൈവശമുള്ളവനാണ് വായ്പ ലഭിക്കുക. അതിന്റെ ഗുണഫലവും അവർക്കു മാത്രമായിരിക്കും. ഇസ്‌ലാമിക് ഫൈനാൻസിൽ മുറാബഹ, ഇജാറ എന്നീ രീതികളിലൂടെ ജാമ്യവസ്തു ഇല്ലെങ്കിലും തിരിച്ചടക്കാൻ ശേഷിയുള്ളവന് പണം ലഭിക്കാൻ സംവിധാനമുണ്ട്. ലാഭ-നഷ്ട പങ്കാളിത്ത രീതികളിലാവട്ടെ ജാമ്യവസ്തുവല്ല, പദ്ധതിയുടെ ലാഭക്ഷമതയാണ് മുഖ്യമായ പരിഗണന. അതുവഴി സമ്പന്നൻ എന്നതിലുപരി നല്ല പദ്ധതിയും കഴിവുമുള്ളവർക്ക് പണം ലഭിക്കുന്നു. സമ്പത്തിന്റെ സന്തുലിത വിതരണമാണ് ഇവിടെയും സാധ്യമാവുന്നത്.


കെയിൻസ്

**പലിശാധിഷ്ഠിത രീതിയിൽ ഏതാനും സംരംഭകർ മാത്രം റിസ്കിൽ പങ്കാളിത്തം വഹിക്കുകയും മറ്റുള്ളവർ തങ്ങളുടെ ധനത്തിന്റെ സുരക്ഷ ഉറപ്പാക്കി നിശ്ചിത വരുമാനം സ്വീകരിക്കുകയുമാണ്. സമ്പാദകരോ ധനകാര്യസ്ഥാപനങ്ങളോ റിസ്ക് വഹിക്കാൻ തയാറാവുന്നില്ല. ഇസ്‌ലാം പങ്കാളിത്തരീതി പ്രോത്സാഹിപ്പിക്കുന്നതിലൂടെ റിസ്കിൽ എല്ലാവരെയും പങ്കാളികളാക്കുന്നു.**

(സി) സംരംഭകത്വത്തിൽ പങ്കാളിത്തം വഹിക്കാത്തവർക്ക് ഉപഭോഗാവശ്യങ്ങൾക്കും മറ്റുമായി പലിശരഹിത കടങ്ങൾ (ഖർദ് ഹസൻ) നൽകാനുള്ള വകുപ്പും ഇസ്‌ലാമിക് ബാങ്കിലുണ്ട്. വായ്പ തിരിച്ചടക്കാൻ ശേഷിയില്ലാത്തവരെയും സാമ്പത്തികാഭിവൃദ്ധിയുടെ ഗുണഭോക്താക്കളാക്കുന്നതിന് അവരെ ഇടപാടുകാരിൽനിന്ന് സ്വരൂപിക്കുന്ന സകാത്ത് ഫണ്ടിന്റെ അവകാശികളാക്കുകവഴി സാധ്യമാകുന്നു.

5. നിലനിൽക്കാനുള്ള അർഹത (sustainability). പലിശാധിഷ്ഠിത ബാങ്കിംഗ് രീതിയിൽ വായ്പയെടുത്തവന് എന്തെങ്കിലും കാരണവശാൽ തിരിച്ചടക്കാൻ കഴിയാതെ വന്നാൽ പലിശയും കൂട്ടുപലിശയുമായി വൻതുകയുടെ ബാധ്യത കുന്നുകൂടുകയാണ് ചെയ്യുക. ഒരുഘട്ടം കഴിഞ്ഞാൽ ജാമ്യവസ്തു ഈടാക്കി പണം സ്വരൂപിക്കുകയും ചെയ്യുന്നു. അത്തരം കടങ്ങൾ സമൂഹത്തിന് യാതൊരു ഗുണവും ചെയ്യില്ലെന്നു മാത്രമല്ല അധോഗതിക്ക് കാരണമാവുകയും ചെയ്യും. അതിനാൽതന്നെ ഈ വ്യവസ്ഥ നിലനിൽക്കാൻ അർഹതയില്ലാത്തതാണ്. ഇസ്‌ലാമിക് ഫൈനാൻസിൽ ഒരിക്കൽ നൽകിയ കടം സമയബന്ധിതമായി വർധിക്കുന്നില്ല എന്നുമാത്രമല്ല, വല്ല സാഹചര്യത്തിലും അടക്കാൻ കഴിയാതിരുന്നാൽ കൂടുതൽ തുക ഈടാക്കുന്നുമില്ല. ഇടപാടുകാർക്ക് വിട്ടുവീഴ്ച ചെയ്യുന്ന സമീപനമാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. ഇത് പുരോഗമനാത്മകവും നിലനിൽക്കാൻ അർഹവുമാണ്.

ചുരുക്കത്തിൽ, ആധുനിക സമ്പദ്ക്രമത്തിന്റെ മൗലികമായ ദൗർബല്യങ്ങൾ പിഴുതെറിയുന്ന ഫൈനാൻസ് രീതികളാണ് ഇസ്‌ലാമിക സമ്പദ്ക്രമം പിന്തുടരുന്നത്. നിലവിലുള്ള പ്രതിസന്ധിക്ക് ഏക പരിഹാരവും ഇതുതന്നെ. പാശ്ചാത്യ രാഷ്ട്രങ്ങൾ പോലും ഇത് നടപ്പാക്കാനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുള്ളതും ഇതുകൊണ്ടൊക്കെയാവാം. ■

mohdpalath@gmail.com